DEPARTMENT OF AGRICULTURE

FARM INFORMATION BUREAU

FARM NEWS

14.02.2019

# കാർഷികമേഖലാവാർത്തകൾ

## അറിയിപ്പ്

കേരള സംസ്ഥാന കാർഷിക യന്ത്രവത്കരണമിഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് നിലവിൽ ലഭ്യമായിട്ടുള്ള എല്ലാ കാർഷിക യന്ത്രങ്ങളുടെയും വിവരശേഖരണം ലക്ഷ്യമിട്ടിരിക്കുന്നു. കാർഷിക യന്ത്രങ്ങളായ ട്രാക്ടർ, ടില്ലർ, നടീൽ യന്ത്രം, പമ്പുസെറ്റുകൾ, സ്പ്രേയറുകൾ, പുൽവെട്ടിയന്ത്രം മുതലായ എല്ലാ യന്ത്രങ്ങളും ഉടമസ്ഥർ എല്ലാവരും യന്ത്രങ്ങളുടെ സ്ഥിതിവിവരം അവരുടെ സ്ഥലത്തുള്ള കൃഷിഭവനിൽ ഈ മാസം 28-നു മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് കൃഷി വകുപ്പ് ഡയറക്ടർ അറിയിച്ചു. രജിസ്ട്രേഷൻ ഫോമിന്റെ മാതൃക കൃഷിഭവനിൽ ലഭ്യമാണ്.

## അറിയിപ്പ്

തിരുവനന്തപുരം വെള്ളായണി കാർഷിക കേളേജിൽ വച്ച് ഈ മാസം 18,19 തീയതികളിൽ കൂൺകൃഷിയിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 8921541980 എന്ന നമ്പരിൽ ബന്ധപ്പെടുക.

## മോഡൽ പഞ്ചായത്ത്

മൃഗസംരക്ഷണ മേഖലയിലെ സജീവസാന്നിധ്യമായ കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിനെ കേരള സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ മോഡൽ പഞ്ചായത്ത് പദ്ധതിയുടെ ഗുണഭോക്തൃ പഞ്ചായത്തായി തിരഞ്ഞെടുത്തു. ഓരോ ജില്ലയിലെയും ഓരോ പഞ്ചായത്തുകളിൽ ഒരു പ്രത്യേക മേഖലയെ സ്വയം പര്യാപ്തതയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് മോഡൽ പഞ്ചായത്ത് നടപ്പിലാക്കുന്നത്. സ്കൂൾ വിദ്യാർത്ഥികളിൽ പക്ഷിമൃഗാദികളുടെ സംരക്ഷണ പ്രവർത്തനങ്ങളിലുള്ള അവബോധം വളർത്തുന്നതിനും സ്വന്തമായി വരുമാനം ഉറപ്പു വരുത്തുന്നതിനും പോഷകാഹാര ലഭ്യത ഉയർത്തുന്നതിനും ലക്ഷ്യം വച്ചുകൊ് ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ നിന്നും യു.പി വിഭാഗത്തിലെ 750 വിദ്യാർഥികളെ ഉൾപ്പെടുത്തി സ്കൂൾ പൗൾട്രി ക്ലബ് രൂപീകരിച്ചിട്ടു്. ഇതിലൂടെ പഞ്ചായത്തിനെ മുട്ട ഉത്പാദനത്തിൽ സ്വയം പര്യാപ്തതയിൽ എത്തിക്കേ തു്. പ്രസ്തുത പദ്ധതിയുടെ ഉദ്ഘാടനം 2019 ഫെബ്രുവരി 14 വ്യാഴാഴ്ച രാവിലെ 9 മണിയ്ക്ക് ആനാവൂർ ഗവ. ഹയർസെക്കറി സ്കൂളിൽ വച്ച് വനം വന്യജീവി മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി അഡ്വ. കെ. രാജു നിർവ്വഹിക്കുന്നു. ഉദ്ഘാടന സമ്മേളനത്തിൽ പാറശ്ശാല എം.എൽ.എ. സി.കെ ഹരിന്ദ്രൻ അദ്ധ്യക്ഷത വഹിക്കുന്നു. ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് ഭാവി തലമുറയെ വാർത്തെടുക്കുക എന്ന മഹനീയ ലക്ഷ്യവുമായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയുടെ

ഉദ്ഘാടനത്തിലേയ്ക്ക് ഏവരെയും സ്വാഗതം ചെയ്യുന്നു. കൂടാതെ ഇതോടനുബന്ധിച്ച് മൃഗസംരക്ഷണ പ്രവരത്തനങ്ങളിൽ മികവ് തെളിയിച്ച വിദ്യാർത്ഥികളെ ആദരിക്കുന്നു.

## ക്ഷീരഗ്രാമം - ഉദ്ഘാടനം

സംസ്ഥാനത്ത് പാൽ ഉത്പാദനം വർദ്ധിപ്പിച്ച് സ്വയം പര്യാപ്തതയിൽ എത്തിക്കുന്നതിന്റെ ഭാഗമായി ക്ഷീരകർഷകർക്ക് പശുപരിപാലനത്തിന് ആവശ്യമായ സൗകര്യങ്ങൾ ധനസഹായകമായി ഉൾക്കൊള്ളിച്ചുകൊണ്ട് ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് ക്ഷീരഗ്രാമം. ഇതിന്റെ ഉദ്ഘാടനം നാളെ രാവിലെ 10-മണിക്ക് വെമ്പായം പെരുംകൂർ ഗാലക്സി ആഡിറ്റോറിയത്തിൽ വച്ച് സി. ദിവാകരൻ എം.എൽ.എയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ ക്ഷീരവികസന മ,ഗസംരക്ഷണ വകുപ്പ് മന്ത്രി അഡ്വ. കെ. രാജു നിർവഹിക്കും. യോഗത്തിൽ ഡോ. എ. സമ്പത്ത് എം.പി മുഖ്യപ്രഭാഷണം നടത്തും. സെമിനാറിന്റെ ഉദ്ഘാടനം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധു നിർവഹിക്കുന്നതാണ്. ത്രിതലപഞ്ചായത്ത് പ്രതിനിധികൾ, ക്ഷീരമേഖലയിലെ ഉദ്യോഗസ്ഥർ, പൊതുമേഖലാ സ്ഥാപനത്തിലെ പ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

## തളിര് 2019 ജില്ലാ കാർഷിക മേള

ഗവേഷണ സ്ഥാപനങ്ങളിൽ ഉരുത്തിരിയുന്ന കൃഷിയിലേയും, അനുബന്ധ മേഖലകളിലേയും നൂതനസാങ്കേതിക വിജ്ഞാനം

സമയബന്ധിതമായി കർഷകരിലേക്ക് കകർന്ന് നൽകുന്ന വിജ്ഞാനവ്യാപന വിഭാഗമായ ആത്മ ഇടുക്കി, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, ഐസിഎആർ കൃഷി വിജ്ഞാൻ കേന്ദ്രം ശാന്തൻപാറ, എന്നിവയുടെ സംയുകതാഭിമുഖ്യത്തിൽ 2019 ഫെബ്രുവരി 14,15 തീയതികളിൽ ജില്ലാ കാർഷിക മേള സംഘടപ്പിക്കുന്നു. ത്രിതല പഞ്ചായത്തുകൾ, കേരള കാർഷിക സർവകലാശാല, മൃഗസംരക്ഷണ, ക്ഷീരവികസനം, മത്സ്യസംരക്ഷണം, മണ്ണ് സംരക്ഷണം തുടങ്ങിയ അനുബന്ധ വകുപ്പുകൾ വിഎഫ്പിസികെ, വിവിധ സന്നദ്ധസംഘടനകൾ, ആത്മഗ്രൂപ്പുകൾ, കർഷകർ എന്നിവരുടെ സഹകരണത്തോടുകൂടി അടിമാലി ഗ്രാമപഞ്ചായത്ത് അങ്കണത്തിൽ വച്ച് ഈ മേള നടത്തുന്നതാണ്. മേളയോടനുബന്ധിച്ച് പ്രീ- റാബി ക്യാംപെയിൻ, നൂതനകാർഷിക സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്ന കാർഷിക പ്രദർശനം, കാർഷിക സെമിനാറുകൾ കർഷക- ശാസ്ത്രജ്ഞ - മുഖാമുഖം മണ്ണുപരിശോധനാ ക്യാംപെയിൻ, കാർഷിക മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച് ഉദ്യോഗസ്ഥർക്കുള്ള അവാർഡ് ദാനം, വിവിധ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെയും ഉത്പാദനോപാധികളുടെയും പ്രദർശനം വിപണനം എന്നിവ സജ്ജീകരിച്ചിരിക്കുന്നു. ഇന്ന് രാവിലെ 9.30 ന് അടിമാലി ഗ്രാമപഞ്ചായത്ത് ഹാളിൽ വൈദ്യുത മന്ത്രി എം. എം. മണി യുടെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി വി. എസ്.സുനിൽ കുമാർ ജില്ലാ കാർഷിക മേളയുടെ ഉദ്ഘാടനം നിർവ്വഹിക്കുന്നതാണ്. എം.പി. ജോയ്സ് ജോർജ്ജ് , എം.എൽ.എ.മാർ ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ

എന്നിവർ കാർഷിക മേഖലയിലെ വിവിധ പദ്ധതികളുടെ ഉദ്ഘാടനം നിർവ്വഹിക്കുന്നു. ത്രിതല പഞ്ചായത്ത് സാരഥികൾ, രാഷ്ട്രീയ പ്രമുഖർ, വിവിധ കാർഷിക വികസന സമിതി അംഗങ്ങൾ, കർഷക പ്രുമഖർ എന്നിവർ ഈ യോഗത്തിൽ അണിചേരും.

## അറിയിപ്പ്

കോട്ടയം ജില്ലയിലെ വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതി 2018-19 താറാവ് വളർത്തൽ പദ്ധതിയിലെ ഗുണഭോക്താക്കൾ രേഖകളുമായി എത്തി ഗുണഭോക്തൃവിഹിതം അടച്ച് ഇന്നു രാവിലെ 10 മണിയ്ക്ക് താറാവിൻ കുഞ്ഞുങ്ങളെ കൈപ്പറ്റേണ്ടതാണെന്ന് തുരുത്തി വെറ്ററിനറി ഡിസ്പൻസറിയിലെ വെറ്ററിനറി സർജൻ അറിയിക്കുന്നു.